II ഇ.ബി. XII- കേരള നിയമസഭ/X-8

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 മാർച്ച് 2, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

23(*211) റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് അനുവദിച്ച പുതിയ പദ്ധതികൾ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, റെയിൽവേ ഇടക്കാല ബഡ്ജറ്റിൽ കേരളത്തിന് പുതിയ പദ്ധതികളോ ട്രെയിനുകളോ അനുവദിച്ചിട്ടില്ലെങ്കിലും തിരുവനന്തപുരം വഴി ബിലാസ്പൂർ-തിരുനെൽവേലി പ്രതിവാര എക്സ്പ്രസ്സ്, മുംബൈ-തിരുനെൽവേലി ദ്വൈവാര എക്സ്പ്രസ്സ് എന്നീ പുതിയ ട്രെയിനുകൾ ഓടിക്കുമെന്നും ചെന്നൈ-ബാംഗ്ലൂർ-എറണാകുളം ബുള്ളറ്റ് ട്രെയിനിന്റെ ഫീസിബിലിറ്റി പരിശോധിക്കുമെന്നും എറണാകുളം-തിരുച്ചിറപ്പള്ളി എക്സ്പ്രസ് നാഗൂർ വരെ നീട്ടുമെന്നും പ്രഖ്യാപിച്ചിട്ടുള്ളതായി സഭയെ അറിയിച്ചു. കേന്ദ്ര സർക്കാരിനോട് ചരക്കുകൂലി വർദ്ധനവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടതുകൂടാതെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് 20 നിർദ്ദേശങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ

ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടു വരുന്നുണ്ട്. ലോംഗ് ടേം ഡെവലപ്മെന്റ്, ഷോർട്ട് ടേം ഡെവലപ്മെന്റ് എന്നിങ്ങനെ രണ്ടു തരത്തിലുള്ള സമീപനം സ്വീകരിച്ചുകൊണ്ടുള്ള മെമ്മോറാണ്ടങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്. കേരളം ആസ്ഥാനമായി ഒരു പെനിൻസുലാർ റെയിൽവേ സോൺ വേണമെന്നാണ് പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന ഗവണ്മെന്റും റെയിൽവേയും സംയുക്ത സംരംഭമായി കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാനായി 20 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചതുകൂടാതെ സ്വകാര്യ മുതൽമുടക്കും ഉണ്ടാകും. റെയിൽവേ വികസനത്തിന് പ്രധാനമായി വേണ്ട ഡബ്ളിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ വന്നുകഴിഞ്ഞാൽ സബർബൻ സർവ്വീസസ് ആരംഭിക്കാൻ കഴിയും. സർക്കാർ മുൻകയ്യെടുത്ത് മലബാർ മേഖലയിൽ സബർബൻ ട്രെയിനുകൾ ആരംഭിക്കാനായി കൺസൽട്ടന്റായി നിയോഗിക്കപ്പെട്ട ഡി.എം.ആർ.സി. -യുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് പ്രാവർത്തികമായിക്കഴിഞ്ഞാൽ ഒരു മണിക്കൂർ ഇടവിട്ട് ട്രെയിൻ സർവ്വീസ് നടത്താൻ സംവിധാനമുണ്ടാകുന്നതാണ്. വളരെ പഴക്കം ചെന്ന തൃശൂർ-തലശ്ശേരി റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ തുടരുന്നതാണ്. ഗുരുവായൂർ-താനൂർ റെയിൽവേ ലൈൻ പ്രഖ്യാപിച്ചതിൽനിന്ന് വ്യത്യസ്തമായി സ്ഥാപിക്കാനായി മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ജനപ്രതിനിധികൾ എന്നിവരിടപെട്ട് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അലൈൻമെന്റ് മാറ്റി തീരദേശത്തെ ഉൾപ്പെടുത്തി നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞ ഗുരുവായൂർ-തൃശൂർ

ലൈനിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കൊച്ചി മെട്രോ റെയിലുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പ്രശ്നങ്ങൾ മറികടക്കാനായി ഫാസ്റ്റ് ട്രാക്ക് വ്യവസ്ഥ കൊണ്ടുവരുന്നതിന്റെ ഭാഗമായി വകുപ്പുമന്ത്രി ചെയർമാനായി എം.പി.മാർ ഉൾപ്പെടുന്ന റെയിൽവേ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുന്നതാണ്. ഇന്റഗ്രൽ കോച്ച് ഫാക്ടറി പാലക്കാട് സ്ഥാപിക്കാനായി തൊള്ളായിരം ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ അക്വയർ ചെയ്ത് സൗജന്യമായി നൽകിയിട്ടുണ്ട്; അത് ആരംഭിക്കുന്നതിന് പ്ളാനിംഗ് കമ്മീഷന്റെ അംഗീകാരം ആവശ്യമാണെന്ന് സഭയെ മന്ത്രി അറിയിച്ചു. പാലക്കാട് കോച്ച് ഫാക്ടറിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പ്രശ്നങ്ങൾ ജില്ലയിലെ എല്ലാ രാഷ്ട്രീയപാർട്ടികളുമായും ചർച്ച ചെയ്ത് ഫാസ്റ്റ് ട്രാക്ക് നടപടികൾ ആയിട്ടുണ്ടെന്നും അത്തരത്തിൽ എല്ലാവരുടെയും അഭിപ്രായ സമന്വയവും പിന്തുണയുമുണ്ടെങ്കിൽ മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ വെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് റവന്യൂവകുപ്പുമന്ത്രി അറിയിച്ചു. അങ്കമാലി-അഴുത, എറണാകുളം-ഇടുക്കി-കോട്ടയം റെയിൽവേലൈനിന്റെ അലൈൻമെന്റ് സംബന്ധിച്ച് കഴിഞ്ഞ മാസം 20-ാം തീയതി ഉന്നതതലയോഗം കൂടി എറണാകുളം ജില്ലയിലെയും ഇടുക്കി ജില്ലയിലെയും സ്ഥലമെടുപ്പ് പ്രശ്നങ്ങൾ പരിഹരിച്ചുവെന്നും കോട്ടയത്തിന്റെ കാര്യത്തിൽ പ്രൊപ്പോസ്ഡ് അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമുണ്ടാകുമെന്നും ഷൊർണ്ണൂർ-മംഗലാപുരം റെയിൽവേ ലൈൻ

ഇരട്ടിപ്പിക്കൽ പണിയിൽ അവശേഷിക്കുന്ന 27 കിലോമീറ്റർ പണി പൂർത്തിയാക്കി ഒരു വർഷം കൊണ്ട് അവിടെ ഇലക്ട്രിഫിക്കേഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് റെയിൽവേ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി വ്യക്തമാക്കി. നിലമ്പൂർ-നഞ്ചൻകോട് ഇന്റർ സ്റ്റേറ്റ് റെയിൽവേ ലൈൻ ഹൈദ്രാബാദ്, ബാംഗ്ളൂർ, കൊച്ചി എന്നീ ഐ.ടി. ഹബ്ബുകളുമായി ബന്ധിപ്പിക്കാൻ കഴിയുന്നതായതിനാൽ ഗോൾഡൻ ഐ.ടി. കോറിഡോർ എന്നാണ് സർക്കാർ നാമകരണം ചെയ്തിട്ടുള്ളത്. വനമേഖലയിൽ കൂടി കടന്നുപോകുന്നതിനാൽ നിലനിൽക്കുന്ന ചില തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ വേൾഡ് ക്ളാസ്സ് സ്റ്റേഷനുകളാക്കാനുള്ള ചില നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചാലക്കുടി, കൊരട്ടി റെയിൽവേ സ്റ്റേഷനുകൾ മുൻഗണനാക്രമത്തിൽ വികസിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. മുൻഗണനക്രമത്തിൽപ്പെടുത്തി ഷൊർണ്ണൂരിനെ ട്രയാംഗുലർ റെയിൽവേസ്റ്റേഷനാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാസ്സഞ്ചർ ട്രെയിനുകളുടെയും കോച്ചുകളുടെയും എണ്ണം വർദ്ധിപ്പിക്കാനും കൊല്ലത്ത് നിന്ന് സബർബൻ ട്രെയിൻ ആരംഭിക്കാനുമായി ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റിന് 7 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും രണ്ട് ഫേസ് ആയി ചെയ്യുന്ന കൊല്ലം-ചെങ്കോട്ട ഗേജ് കൺവെർഷൻ മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നും മന്ത്രി അറിയിച്ചു.

24 (*212) കേന്ദ്ര സഹായം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ വിവിധ പദ്ധതികൾക്കായി 923.29 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രധാന മായും ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ വഴി ആർ.സി.എച്ച്., അഡീഷണാ ലിറ്റീസ്, ഇമ്മ്യൂണൈസേഷൻ, സുനാമി പുനരധിവാസം, എന്നീ മേഖലക ളിലും കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, അന്ധതാ നിവാരണ സൊസൈറ്റി, ആർ.എൻ.ടി.സി.പി. പ്രോഗ്രാം, കുഷ്ഠരോഗ നിയന്ത്രണ പരിപാടി, ഐ.ഡി.എസ്.പി., 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ, 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ, 100 ശതമാനം കുടുംബക്ഷേമ പദ്ധതികൾ, എൻ.വി.ബി.ഡി.സി.പി., മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും അനുബന്ധ സ്ഥാപനങ്ങളും, പി.എം.എസ്.എസ്.വൈ, ആയുർവദ കോളേജുകളും അനുബന്ധ സ്ഥാപനങ്ങളും, ഭാരതീയ ചികിൽസാ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഹോമിയോ വകുപ്പ്, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്കുമാണ് ധനസഹായം ലഭിച്ചിരിക്കുന്നത്. ഇതിനോടകം 870.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. അഡീഷണാലിറ്റിയിൽ 217.01 കോടി രൂപയും, ആർ.സി.എച്ച്-2 പദ്ധതിപ്രകാരം 138.86 കോടി രൂപയും ജെ.എസ്.വൈ. ഉൾപ്പെടെയുള്ള മെറ്റേണൽ പദ്ധതിപ്രകാരം 45.47 കോടി രൂപയും, ശൈശവാരോഗ്യ പദ്ധതി പ്രകാരം 2.92 കോടി രൂപയും ചെലവഴിച്ചു. എൻ.

ആർ.എച്ച്.എം. അഡീഷണാലിറ്റി പ്രകാരം ചെലവഴിച്ച തുകയിൽ 35.93 കോടി രൂപ സി.എച്ച്. സി. അപ്ഗ്രഡേഷനും 5.47 കോടി രൂപ പി.എച്ച്.സി. കൾക്കും സി.എച്ച്.സി.കൾക്കും ഗ്രാന്റിനത്തിലും ചെലവഴിച്ചതാണ്. ആരോഗ്യരംഗത്ത് കേന്ദ്ര സർക്കാർ 2005-ൽ ആരംഭിച്ച നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി കേരളത്തിൽ ആരംഭിക്കുന്നത് 2007-ലാണ് പ്രസ്തുത പദ്ധതി 2017 വരെ നീട്ടുന്നതിന് പ്ളാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രധാനമായും ഉദ്ദേശിക്കുന്നത് ആശുപത്രികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അഡീഷണലായി പോസ്റ്റ് കൊടുക്കുന്നതിനുമാണ്. 75 ശതമാനം സെൻട്രൽ ഫണ്ടും 25 ശതമാനം സംസ്ഥാന സർക്കാർ ഫണ്ടും ആണ് ഉപയോഗിക്കുന്നത്. അതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കാനും ഉപകരണങ്ങൾ വാങ്ങാനും നടപടി സ്വീകരിച്ചുവരുന്നു. എൻ.ആർ.എച്ച്.എം. പദ്ധതിയിൽപ്പെടുത്തി 65 കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പണി പൂർത്തിയായിട്ടുണ്ട്; മറ്റുള്ളവയുടെ പണി രണ്ടു-മൂന്നു മാസത്തിനകം പൂർത്തിയാകും. മലപ്പുറത്തുള്ള ആശുപത്രികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അവിടത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ ലെവൽ കമ്മിറ്റിയുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് മാസ്റ്റർ പ്ളാൻ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രയോറിറ്റി അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. എൻ.ആർ.എച്ച്.എം. പദ്ധതിയിൻ കീഴിൽ ആയുർവേദ-ഹോമിയോ മേഖലകളെ ഉൾപ്പെടുത്താനായി പ്രത്യേക പ്രോജക്ട് കൊടുത്തിട്ടുണ്ട്.

ഹരിപ്പാട് താലൂക്കാശുപത്രിയുടെ വികസനപദ്ധതികൾക്കായി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗം സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും ശക്തമായ ആഡിറ്റ് സംവിധാനവും നിലവിലുണ്ട്. മാസംതോറും സെൻട്രൽ ടീം ജില്ലകളിൽ പരിശോധനയും നടത്തുന്നുണ്ട്. എം.ബി.ബി.എസ്. പൂർത്തിയായി ഹൗസ് സർജൻസി കഴിഞ്ഞ് പാസ്സ് ഔട്ടാകുന്നവരെ കമ്പൽസറിയായി ബോണ്ട് വച്ച് എൻ.ആർ.എച്ച്.എം. വഴി നിയമനം നടത്തുന്നുണ്ട്. കൂടാതെ സ്പെഷ്യാലിറ്റിയുള്ള ഡോക്ടർമാരെ പുറത്ത് നിന്ന് കോൺട്രാക്റ്റ് ബേസിൽ നിയമിക്കുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി ഡോക്ടർമാരെ പോസ്റ്റ് ചെയ്യാനുള്ള നടപടികൾ ആയിട്ടുണ്ട്. കേരളത്തിൽ ഏകദേശം 2,000-ത്തോളം നേഴ്സുമാരും ആയിരത്തോളം ഡോക്ടർമാരും വിവിധ ആശുപത്രികളിലായി എൻ.ആർ.എച്ച്.എം. വഴി ജോലി ചെയ്യുന്നുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്ന് കുറഞ്ഞ വിലയ്ക്ക് സുതാര്യമായി വിതരണം ചെയ്യാനുള്ള സംവിധാനമാണ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി സ്വീകരിച്ചിട്ടുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ജീവൻരക്ഷാ മരുന്നുകൾ മെഡിക്കൽ കോളേജാശുപത്രികളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശൂർ, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക കോട്ടയ്ക്കൽ മാനസികാരോഗ്യ ആശുപത്രിക്കു കൂടി ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ ആശുപത്രികളുടെ റിപ്പയറിംഗ്,

മെയിന്റനൻസ് എന്നിവയിൽ വരുന്ന കാലതാമസം ഒഴിവാക്കാനായി ആരോഗ്യവകുപ്പിന് പി.ഡബ്ളിയു.ഡി.-യുടെ ഒരു വിംഗ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സുൽത്താൻബത്തേരി താലൂക്കാശുപത്രിക്ക് ആവശ്യമായ എക്വിപ്മെന്റ്സ്, തിയേറ്റർ എന്നിവയ്ക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2010-2012 ആകുമ്പോൾ വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ചികിൽസയ്ക്ക് ഉപയുക്തമായ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി മാറ്റാനാണ് വിഭാവന ചെയ്യുന്നത്. അതനുസരിച്ച് ആദ്യം ഐ.എസ്.എസ്. സർട്ടിഫിക്കറ്റും പിന്നീട് എൻ.എ.ബി.എച്ച്.-ഉം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ നേഴ്സുമാരുടെയും ഡോക്ടർമാരുടെയും കുറവ് പരിഹരിക്കുകയും കോമ്പൗണ്ട് വാൾ കെട്ടാനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജനറൽ ഹോസ്പിറ്റലിന്റെ ഭാഗമായ നേഴ്സിംഗ് ഹോസ്റ്റലിന്റെ റിനൊവേഷന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയിലെയും നേഴ്സിംഗ് സ്ക്കൂളുകളുടെ അക്കാഡമിക് നിലവാരം ഉയർത്താനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതാണെന്നും ഉപചോദ്യങ്ങക്ക് ഉത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1844 മുതൽ 2095 വരെയുള്ള ചോദ്യങ്ങളിൽ 140 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)